**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 693** **30-01-2024 - ൽ മറുപടിയ്ക്ക്**

**കുണ്ടറ നിയോജകമണ്ഡലത്തിലെ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച്, പോസ്റ്റ് നമ്പർ സഹിതം വിശദമാക്കാമോ; | (എ) | കുണ്ടറ നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന പ്രകാരം വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുണ്ട്. |

| ക്രമ നം. | പഞ്ചായത്ത് | എണ്ണം | പ്രവൃത്തി | പോസ്റ്റ് നമ്പർ |
|---|---|---|---|---|
| 1 | കുണ്ടറ | 2 | പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷൻ | HM-18, PK 65/1 |
| 2 | ഇളമ്പള്ളൂർ | 1 | പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷൻ | TH 86 |
| 3 | പേരയം | 1 | പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷൻ | EK III |
| 4 | പേരിനാട് | 1 | പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷൻ | EA 159/1 |
| 5 | കുണ്ടറ | 1 | ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ | കുണ്ടറ ഇലക്ട്രിക്കൽ ഡിവിഷൻ പരിസരം |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നിയോജകമണ്ഡലത്തിന്റെ പരിധിയിൽ പുതുതായി ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | എല്ലാ ജില്ലാ കളക്ടർമാർക്കും അതത് ജില്ലകളിലെ ഗവൺമെന്റ് സ്ഥാപന പരിസരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തും റിപ്പോർട്ടും കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ചിട്ടുണ്ട്.<br><br>കുണ്ടറ നിയോജക മണ്ഡലത്തിൽ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ടിന് നിലവിലില്ല. എന്നാൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ സൗരോർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ സംവിധാനത്തിന് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള ചാർജിംഗ് സ്റ്റേഷനുകളിൽ പരമാവധി 50kW സൗരോർജ്ജ സംവിധാനം ഒരുക്കിയാൽ കിലോവാട്ടിന് 20,000/-രൂപ നിരക്കിൽ |

| | | | |
|---|---|---|---|
| | | | 10 ലക്ഷം രൂപ വരെ സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകുന്നതാണ്. താത്പര്യമുള്ള വ്യക്തികളോ സ്ഥാപനങ്ങളോ മുന്നോട്ട് വന്നാൽ ഹൈവേകളുടെ സമീപം ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു നൽകാൻ അനെർട്ടിന് കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ